പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3637 25.06.2013 ൽ മറുപടിക്ക്

# റോഡ് സുരക്ഷാ അതോറിറ്റി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഹംസ: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാന റോഡ് സുരക്ഷാ അതോറിറ്റി എന്നാണ് നിലവിൽ വന്നത്; | (എ) | 2007 ഏപ്രിൽ 19 നാണ്. |
| (ബി) | വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡ് സുരക്ഷാ അതോറിറ്റി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; | (ബി) | അനുബന്ധം. I ആയി വച്ചിരിക്കുന്നു. |
| (സി) | റോഡ് സുരക്ഷാഫണ്ടിൽ നിലവിൽ എത്ര രൂപയുണ്ട് ; | (സി) | 20.06.2013 ലെ കണക്കനുസരിച്ച് സുരക്ഷാ ഫണ്ടിൽ 6,99,70,112/- രൂപ ഉണ്ട്. |
| (ഡി) | 01.07.2011 മുതൽ 31.03.2013 വരെ റോഡ് സുരക്ഷാ ഫണ്ടിലേക്ക് എത്ര തുക സെസ് ഇനത്തിലുംമറ്റും ലഭ്യമായി ; | (ഡി) | 01.07.2011 മുതൽ 31.03.2013 വരെ റോഡ് സുരക്ഷാ ഫണ്ടിലേക്ക് ഗവൺമെന്റിൽ നിന്നും ബഡ്ജറ്റ് വിഹിതം മുഖേന ആകെ 30 കോടി രൂപ ലഭിച്ചു. |
| (ഇ) | 01.07.2011 മുതൽ 31.03.2013 വരെ റോഡ് സുരക്ഷാ ഫണ്ടിൽ നിന്ന് എത്ര തുക ചെലവഴിച്ചു; ഏതെല്ലാം കാര്യങ്ങൾക്കാണ് ചെലവഴിച്ചത് ; വിശദാംശം ലഭ്യമാക്കാമോ; | (ഇ) | 01.07.2011 മുതൽ 31.03.2013 വരെയുള്ള കാലയളവിൽ വിവിധ ആവശ്യങ്ങൾക്കായി റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും 23,22,66,834/- രൂപ ചെലവഴിച്ചു. പോലീസ്, മോട്ടോർ വാഹനം, ആരോഗ്യം, പൊതുമരാമത്ത് വകുപ്പുകൾ, നാറ്റ്പാക്ക് എന്നിവ വഴി നടത്തുന്ന വിവിധ റോഡ് സുരക്ഷാ പദ്ധതികൾക്കും ദൃശ്യ-ശ്രവ്യ അച്ചടി മാധ്യമങ്ങൾ വഴിയുള്ള റോഡ് സുരക്ഷാ സന്ദേശപ്രചാരണത്തിനുമായും കേരള റോഡ് സുരക്ഷാ അതോറിറ്റിയിലെ ജീവനക്കാരുടെ ശമ്പളം, മറ്റ് ഓഫീസ് ആവശ്യങ്ങൾ മുതലായവയ്ക്കുമാണ് മേൽ തുക ചെലവഴിച്ചത്. |

| | | | |
|---|---|---|---|
| (എഫ്) | റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും വിവിധ വകുപ്പുകൾക്ക് 01.07.2011 മുതൽ 31.03.2013 വരെ എത്ര തുക നൽകിയെന്ന് ഓരോന്നും പ്രത്യേകം അറിയിക്കുമോ; | (എഫ്) | 01.07.2011 മുതൽ 31.03.2013 വരെയുള്ള കാലയളവിൽ വിവിധ വകുപ്പുകൾക്കായി റോഡ് സുരക്ഷാഫണ്ടിൽ നിന്നും താഴെപ്പറയും പ്രകാരം തുകകൾ നല്കിയിട്ടുണ്ട്.<br>1. മോട്ടോർ വാഹനം : 4,19,70,881.00 രൂപ<br>2.പോലീസ് : 3,04,41,000.00 രൂപ<br>3. പൊതുമരാമത്ത് : 3,15,00,000.00 രൂപ<br>4. ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ : 1,79,77,400.00 രൂപ |
| (ജി) | റോഡപകടങ്ങൾ കുറയ്ക്കുന്നതിന് പൊതുജനങ്ങൾക്കായി എന്തെല്ലാം ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു; വിശദാംശം ലഭ്യമാക്കാമോ ; | (ജി) | കേരള റോഡ് സുരക്ഷാ അതോറിറ്റി പൊതുജനങ്ങളെ റോഡ് സുരക്ഷയെപ്പറ്റി ബോധവൽക്കരിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>i) ടെലിഫിലിമുകൾ സംപ്രേഷണം ചെയ്യുക<br>ii) എഫ്.എം റേഡിയോ മുഖേന ബോധവൽക്കരണ പരിപാടികൾ നടത്തുക.<br>iii) ദൃശ്യ-ശ്രവ്യ, അച്ചടി മാധ്യമങ്ങൾ തുടങ്ങി സാധ്യമായ മുഴുവൻ മാധ്യമങ്ങൾ ഉപയോഗിച്ച് അച്ചടക്കമുള്ള ഒരു ട്രാഫിക് സംസ്കാരം രൂപപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.<br>iv) റോഡ് സുരക്ഷാ വാരത്തോടനുബന്ധിച്ച് കേരളത്തിലെ ഇലക്ട്രോണിക്സ്- അച്ചടി മാധ്യമങ്ങൾ വഴി റോഡ് സുരക്ഷാ സന്ദേശങ്ങൾ ജനങ്ങളിലെത്തിക്കുക.<br>v) കേരളത്തിലെ എല്ലാ സിനിമാ തിയറ്ററുകളിലൂടെയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഹ്രസ്വ ചിത്രങ്ങൾ പ്രദർശിപ്പിക്കുക.<br>vi) രാത്രികാല എയർപോർട്ട് യാത്രാ അപകടങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി രാത്രികാല സവാരി നടത്തുന്ന ഡ്രൈവർമാരേയും, യാത്രക്കാരേയും ബോധവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കുക.<br>vii) സ്കൂൾ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിന് പ്രവർത്തനങ്ങൾ കൈക്കൊള്ളുക. |
| (എച്ച്) | 01.07.2006 മുതൽ 31.03.2011 വരെ കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസുകൾ നിരത്തിലിറക്കി ; | (എച്ച്) | 2893 ബസ്സുകൾ |
| (ഐ) | 01.07.2011 മുതൽ 31.03.2013 വരെ കെ.എസ്.ആർ.ടി.സി എത്ര പുതിയ ബസുകൾ നിരത്തിലിറക്കി; | (ഐ) | 770 ബസുകൾ |

| | | | |
|---|---|---|---|
| (ജെ) | കെ.എസ്.ആർ.ടി.സി മെക്കാനിക്കൽ വിഭാഗം കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ; | (ജെ) | 1. പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി വർക്ക് ഷോപ്പുകൾ നവീകരിക്കുന്നതിനു 2011-12 ലും 2012-13 ലും 4 കോടി രൂപ വീതം അനുവദിച്ചു. ഈ തുക ഉപയോഗിച്ച് ആധുനികവൽക്കരണം നടന്നുവരുന്നു.<br>2. മെക്കാനിക്കൽ വിഭാഗം ഉൾപ്പെടെ വിവിധ വിഭാഗം ജീവനക്കാർക്ക് പരിശീലനം നല്കുന്നതിനു 2011-12 ൽ 1.00 കോടി രൂപയും 2012-13 ൽ 1.07 കോടി രൂപയും അനുവദിച്ചു.<br>3. അസി. ഡിപ്പോ എഞ്ചിനീയർ തസ്തികയിൽ ഒഴിവു നികത്തുന്നതിന് പി.എസ്.സി മുഖേന ബി.ടെക് യോഗ്യതയുള്ള 22 പേരെ നിയമിച്ചു. ബാക്കിയുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മെക്കാനിക്ക് തസ്തികയിലേക്ക് പി.എസ്.സി മുഖേന നിയമനം നടത്തി. തുടർന്നുള്ള ഒഴിവുകൾ നികത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |
| (കെ) | സംസ്ഥാനത്തെ പ്രധാന ബസ് സ്റ്റേഷനുകളിൽ ആധുനിക സജ്ജീകരണത്തോടുകൂടിയ ബസ് സ്റ്റേഷൻ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ; ഓരോ പ്രോജക്ടും സംബന്ധിച്ച വ്യക്തമായ സ്റ്റേറ്റ്മെന്റ് നൽകാമോ? | (കെ) | ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ബസ് സ്റ്റേഷൻ കം ഷോപ്പിംഗ് കോംപ്ലക്സുകൾ കെ.എസ്.ആർ.ടി.സി സ്വന്തം നിലയ്ക്കും, പൊതുമേഖലാ സ്ഥാപനമായ കെ.റ്റി.ഡി.എഫ്.സി. യുമായി സഹകരിച്ചും ബി.ഒ.റ്റി അടിസ്ഥാനത്തിലും നിർമ്മിച്ചു വരുന്നു. ഓരോ പദ്ധതിയും സംബന്ധിച്ച വിശദവിവരം അനുബന്ധം 2 ആയി വച്ചിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**